# കണ്ണൂർ വിമാനതാവള പ്രദേശത്ത് എമർജൻസി അപ്രോച്ച് റോഡ് നിർമ്മി ക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്ന പദ്ധതി യുടെ

# സാമൂഹ്യാഘാത പഠന റിപ്പോർട്ട്



വിജിൽ മട്ടന്നൂർ

മട്ടന്നൂർ

# ഫോറം നമ്പർ 6

## ഉള്ളടക്കം


1. പദ്ധതി സംബന്ധമായ വിവരണം
2. പദ്ധതിയുടെ പൊതു സ്വഭാവം
3. സാമൂഹ്യാഘാത പഠന യൂണിറ്റ്
4. ആവശ്യമായ ഭൂമി സംബന്ധമായ വിവരങ്ങൾ
5. സാമൂഹ്യാഘാതങ്ങൾ
6. സാമൂഹ്യാഘാത പരിഹാര റിപ്പോർട്ട്
7. ശുപാർശ

## I. പദ്ധതി സംബന്ധമായ വിവരങ്ങൾ

കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിൽ ഉൽപ്പെടുന്ന കീഴല്ലൂർ വില്ലേജിൽ കണ്ണൂർ വിമാനതാവളത്തിലേക്കുള്ള എമർജൻസി അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിലേക്കായി ഭൂമി ഏറ്റെടുക്കുന്നത് ഏറ്റടുക്കുന്നത് സംബന്ധിച്ച് പഠനം നടത്തുകയു ായി. ആയത് പ്രകാരം അർത്ഥനാധികാരിയായ 'കിൻഫ്ര' 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം ആവശ്യമായ ഭൂമി ഏറ്റെടുക്കുവാനുള്ള അർത്ഥന കണ്ണൂർ ജില്ലാ കലക്ടർക്ക് അയക്കുകയും കലക്ടർ പ്രസ്തുത നിയമത്തിലെ 4(1) വകുപ്പ് പ്രകാരം സാമൂഹ്യാഘാത പഠന റിപ്പോർട്ട് തയ്യാറാക്കാൻ വിജിൽ മട്ടന്നൂർ എന്ന ഏജൻസിയെ നിയമിക്കുകയും ചെയ്തു. പ്രസ്തുത നിയമം സംബന്ധമായി ചട്ടം14(1)വിജ്ഞാപനം 05.06.2017 തിയ്യതിയിലെ 1166 ാം നമ്പർ കേരള ഗസറ്റിൽ പ്രസിദ്ധികരിച്ചിട്ടു ്.

### പദ്ധതിക്ക് ആവശ്യമായ ഭൂമി സംബന്ധമായ വിവരങ്ങൾ

ഈ പദ്ധതി പ്രകാരം ഏറ്റെടുക്കാൻ ആവശ്യപ്പെട്ടിട്ടുള്ള ഭൂമി നിലവിലുള്ള റോഡിന്റെ ഇരുവശത്തുമായാണ് സ്ഥിതി ചെയ്യുന്നത്. എന്നാൽ ഒരു വശത്തെ ഭൂമി നേരത്തെ ഏറ്റെടുത്തതിനാലാൽ മറുവശത്തുള്ള ഭൂമി മാത്രമാണ് ഇപ്പോൾ ഏറ്റെടുക്കേ ത്. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി നേരിട്ട് പരിശോധിക്കുകയും ഭൂവുടമകളുമായി ചർച്ച നടത്തുകയും ചെയ്തു. 2017 വർഷത്തിൽ തന്നെ കണ്ണൂർ വിമാനതാവളം പ്രവർത്തന സജ്ജമാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്, പൂർണ തോതിൽ വിമാനതാവളം സജ്ജമാക്കുമ്പോൾ വിമാനതാവളത്തിലേക്കുള്ള എമർജൻസി അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിന് ഇപ്പോൾ ആവശ്യപ്പെട്ട ഭൂമി കൂടി ഏറ്റെടുക്കേ ത് അത്യാവശ്യമാണെന്ന് കാണുന്നു.

## II പദ്ധതിയുടെ പൊതു സ്വഭാവം

### 1. ഭൂമി ഏറ്റെടുക്കുന്നത് പൊതു ആവശ്യത്തിനാണോ

ഏറ്റെടുക്കാൻ ആവശ്യപ്പെട്ടിട്ടുള്ള ഭൂമി നേരത്തെ വിമാന താവളത്തിന്റെ അപ്രോച്ച് റോഡ് പദ്ധതിക്ക് വേ ി ഏറ്റെടുത്ത ഭൂമിയുടെ മറുവശത്തായാണ് സ്ഥിതി ചെയ്യുന്നത്. വിമാനതാവളത്തിലേക്കുള്ള എമർജൻസി അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിന് ഇപ്പോൾ ആവശ്യപ്പെട്ടിട്ടുള്ള ഭൂമികൾ കൂടി ലഭിക്കേ ത് അത്യന്താപേക്ഷിതമാണ്. ആ നിലക്ക് ഇപ്പോൾ എറ്റെടുക്കാൻ ആവശ്യപ്പെട്ടിട്ടുള്ള ഭൂമികൾ ഒരു പൊതു കാര്യത്തിന് വേ ിയാണ് എന്ന് കാണുന്നു.

**2. പകരം ഭൂമി ലഭ്യമാണോ.**

ഏറ്റെടുക്കാൻ ആവശ്യപ്പെട്ടിട്ടുള്ള ഭൂമി നേരത്തെ വിമാന താവളത്തിന്റെ അപ്രോച്ച് റോഡ് പദ്ധതിക്ക് വേ ി ഏറ്റെടുത്ത ഭൂമിയുടെ മറുവശത്തായാണ് സ്ഥിതി ചെയ്യുന്നത്. ഈ പദ്ധതിയുടെ നിർവ്വഹണത്തിന് ഈ ഭൂമി അല്ലാതെ മറ്റൊരു ഭൂമി അനുയോജ്യമല്ല. സർക്കാർ ഉടമ സ്ഥതയിലുള്ളതോ നേരത്തെ മറ്റേതെങ്കിലും കാര്യത്തിനുവേ ി അക്വയർ ചെയ്ത് ഉപയോഗിക്ക പ്പെടാത്ത ഭൂമിയോ ഇവിടെ ലഭ്യമല്ല.

## III. സാമൂഹ്യാഘാത പഠന യൂണിറ്റ്.

1. ഈ പദ്ധതിയുടെ സാമൂഹ്യാഘാത പഠനം നടത്തുന്നതിന് വിജിൽ മട്ടന്നൂർ എന്ന ഏജൻസിയെ ആണ് ജില്ലാ കലക്ടർ ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധമായി ചട്ടം 11(3) പ്രകാരം പ്രസിദ്ധീ കരിച്ച വിജ്ഞാപനം 05.06.2017 തിയ്യതിയിലെ 1166 ാം നമ്പർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടു ്.

**2. സാമൂഹ്യാഘാത പഠന യൂണിറ്റിന്റെ ഘടന.**

ഈ പദ്ധതിയുടെ സാമൂഹ്യാഘാത പഠന യൂണിറ്റിന്റെ ഘടന താഴെ പറയും വിധമാണ്.

| | | | |
|---|---|---|---|
| 1. | മധുസൂധനൻ എ | ഡെപ്യൂട്ടി കലക്ടർ (റിട്ട) | ചെയർമാൻ |
| 2. | സരള സി ടി | ഡെപ്യൂട്ടി തഹസിൽദാർ (റിട്ട) | അംഗം |
| 3. | കെ. ശ്രീധരൻ | സാമൂഹ്യപ്രവർത്തകൻ | അംഗം |

**3. പഠനോപാധികൾ**

**നേരിട്ടുള്ള വിവര ശേഖരണം.**

ഏറ്റെടുക്കാൻ ആവശ്യപ്പെട്ടിട്ടുള്ള ഭൂമി നേരത്തെ വിമാന താവളത്തിന്റെ അപ്രോച്ച് റോഡ് പദ്ധ തിക്ക് വേ ി ഏറ്റെടുത്ത ഭൂമിയുടെ മറുവശത്തായാണ് സ്ഥിതി ചെയ്യുന്നത്. ടി കൈവശങ്ങൾ നേരിട്ട് പരിശോധിച്ച് ബന്ധപ്പെട്ടവരുമായി സംസാരിച്ചു. പദ്ധതി സംബന്ധമായ ജനങ്ങളുടെ അഭിപ്രാ യങ്ങൾ സ്വരൂപിച്ചു.

## IV. ആവശ്യമായ ഭൂമി സംബന്ധമായ വിവരങ്ങൾ.

1. പദ്ധതിയ്ക്ക് ആവശ്യമായ ഭൂമിയുടെ പട്ടിക ഇതോടൊന്നിച്ചു ചേർക്കുന്നു.

പട്ടിക

| ക്രമ നമ്പർ | വില്ലേജ് | ദേശം | സർവ്വേ നമ്പർ | ഏകദേശ വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|---|---|
| 1 | കീഴല്ലൂർ | കീഴല്ലൂർ | 25/4B | 0.0039 |

| | | | | |
|---|---|---|---|---|
| 2 | കീഴല്ലൂർ | കീഴല്ലൂർ | 25/4B | 0.0047 |
| 3 | കീഴല്ലൂർ | കീഴല്ലൂർ | 25/4B | 0.0067 |
| 4 | കീഴല്ലൂർ | കീഴല്ലൂർ | 25/4B | 0.0145 |
| 5 | കീഴല്ലൂർ | കീഴല്ലൂർ | 25/4B | 0.0044 |
| 6 | കീഴല്ലൂർ | കീഴല്ലൂർ | 25/4B | 0.0021 |
| 7 | കീഴല്ലൂർ | കീഴല്ലൂർ | 25/4B | 0.1066 |
| 8 | കീഴല്ലൂർ | കീഴല്ലൂർ | 25/4A2 | 0.0560 |
| | ആകെ വിസ്തീർണം | | | 0.1989 |

## 2. ഭൂമിയുടെ സ്വഭാവം

ഏറ്റെടുക്കാൻ നിർദേശിക്കപ്പെട്ട ഭൂമി എല്ലാം തന്നെപുരയിടങ്ങളോ, തരിശിടങ്ങളോ ആണ്. ഏറ്റെടുക്കുന്ന ഭൂമിയിൽ വയലുകളോ, തണ്ണീർതടങ്ങളോ ഇല്ല. വിമാനതാവളം സ്ഥിതി ചെയ്യുന്ന സമതല പ്രദേശത്തിന്റെ സമാനമായ ഭൂപ്രകൃതി തന്നെയാണ് പട്ടികയിൽ പറഞ്ഞ ഭൂമികളും എന്ന് കാണുന്നു

## 3. ഭൂമിയുടെ ഉടമകൾ

ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന കൈവശ ഭൂമിയുടെ ഉടമകൾ താഴെ പറയുന്നവരാണെന്നു അന്വേഷണത്തിൽ അറിയുന്നു.

| ക്രമ നമ്പർ | തല്പര കക്ഷികളുടെ പേരും വിലാസവും | തൊഴിൽ |
|---|---|---|
| 1 | ചെമ്പിൽ മാക്കുന്നത്ത് കുഞ്ഞമ്മദ് മുതൽ പേർ, താഴത്ത് പുതിയ പുരയിൽ, പാലയോട്, കുറ്റിക്കര, കീഴല്ലൂർ പി.ഒ | സ്വന്തം |
| 2 | ചെമ്പിൽ മാക്കുന്നത്ത് അലി അസ്കർ, റഹീം മൻസിൽ, കുറ്റിക്കര, കീഴല്ലൂർ പി.ഒ | പെയിന്റർ |
| 3 | താഴത്ത് പുതിയ പുരയിൽ മുഹമ്മദ്, ഷംല മൻസിൽ, കളറോഡ്, മട്ടന്നൂർ പി.ഒ | സ്വന്തം |
| 4 | പി.കെ രാജു, വടക്കേ പറമ്പിൽ വീട്, കുറ്റിക്കര, പാലയോട്, കീഴല്ലൂർ പി.ഒ | ഗവ. ജീവനം |
| 5 | പി.കെ ജാനകി, കുറ്റിക്കര, പാലയോട്, കീഴല്ലൂർ പി.ഒ | സ്വന്തം |
| 6 | പങ്കജാക്ഷി .കെ, കച്ചേരിവളപ്പ്, പാലേരി, അഞ്ചരക്ക ി, മാംബ പി.ഒ | സ്വന്തം |

## V. സാമൂഹ്യാഘാതങ്ങൾ

### 1. കാർഷിക മേഖലക്കു    ാകുന്ന ആഘാതങ്ങൾ

വിമാന താവളത്തിലേക്കുള്ള എമർജൻസി അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിന് ഇപ്പോൾ ആവശ്യപ്പെട്ടിട്ടുള്ള ഭൂമികളിൽ കഴിഞ്ഞ കുറേ വർഷങ്ങളായി യാതൊരു കൃഷിയും ചെയ്യുന്നില്ല. ആ നിലക്ക് ഈ ഭൂമികൾ ഏറ്റെടുക്കുന്നത് കൊ   ് പ്രദേശത്തിന്റെ കാർഷിക സമ്പത്ത് വ്യവസ്ഥക്ക് കാര്യമായ യാതൊരു ആഘാതവും ഉ    ാകുന്നില്ല എന്ന് കാണുന്നു.

### 2. കുടിയൊഴിപ്പിക്കൽ

ഈ പദ്ധതിക്കു വേ  ി യാതൊരു വാസസ്ഥലവും ഏറ്റെടുക്കുന്നില്ല. ആയതിനാൽ യാതൊരാളെയും കുടിയൊഴിപ്പിക്കേ    ആവശ്യം വരുന്നില്ല.

### 3. തൊഴിൽ സംബന്ധമായ ആഘാതം

ഈ പദ്ധതിക്കു വേ  ി ഏറ്റെടുക്കാൻ ആവശ്യപ്പെട്ടിട്ടുള്ള ഭൂമിയിൽ പൂട്ടി കിടക്കുന്ന പഴകി ദ്രവിച്ച ഒരു കടമുറി സ്ഥിതി ചെയ്യുന്നു  ്. വർഷങ്ങളായി ഈ കട തുറന്ന് പ്രവർത്തിക്കാത്തതിനാൽ തൊഴിൽ പരമായ ആഘാതങ്ങൾ ഒന്നും തന്നെ ഈ പദ്ധതി കാരണം ഉ    ാകുന്നില്ല.

### 4. പൊതു ഇടങ്ങൾക്കു    ാകുന്ന ആഘാതം

പൊതു സമൂഹത്തിന്റെ ഉപയോഗത്തിനായുള്ള പുറംമ്പോക്കുകൾ, കളിസ്ഥലങ്ങൾ, മേച്ചിൽ സ്ഥലങ്ങൾ, അംഗൻവാടികൾ, വായനശാലകൾ, ആരാധനാലയങ്ങൾ തുടങ്ങിയവ ഒന്നും തന്നെ ഈ പദ്ധതിക്ക് വേ  ി ഏറ്റെടുക്കുന്നില്ല.

### 5. പരിസ്ഥിതിക്കു    ാകുന്ന ആഘാതം.

വിമാന താവളത്തിലേക്കുള്ള എമർജൻസി അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിന് വേ  ി ഏറ്റെടുക്കാൻ ആവശ്യപ്പെട്ടിട്ടുള്ള ഭൂമി ഏറ്റെടുക്കുന്നത് കൊ   ് അത് പ്രദേശത്തിന്റെ പരിസ്ഥിതി സന്തുലനത്തെ ഒരു തരത്തിലും ബാധിക്കുന്നില്ല. വിമാനതാവള പദ്ധതിയുടെ പാരിസ്ഥിതിക പഠനം നേരത്തെ നടത്തിയിട്ടുള്ളതാണ്. പദ്ധതിയുടെ മൊത്തത്തിലുള്ള പാരിസ്ഥിതിക പഠനം നടത്തി കഴിഞ്ഞ സ്ഥിതിക്ക് അതിന്റെ ചെറിയ ഒരംശം മാത്രം വരുന്ന ഈ പദ്ധതിയുടെ പാരിസ്ഥിതിക ആഘാതം പ്രത്യേകം പരാമർശിക്കേ    തുെ    ന്ന് തോന്നുന്നില്ല.

## VI. കരട് സാമൂഹ്യാഘാത പരിഹാര റിപ്പോർട്ട്

ഈ പദ്ധതി പ്രകാരം ഭൂമി നഷ്ടപ്പെടുന്നവർക്ക് 2013 ലെ കേന്ദ്ര ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം നഷ്ടപരിഹാരത്തിന് അർഹതയു   ്. ആയത് അവർക്ക് എത്രയും വേഗം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേ    താണ്.

## VII.ശുപാർശ

സംസ്ഥാനത്തിന്റേയും വിശിഷ്യാ കണ്ണൂർ ജില്ലയുടേയും വികസനത്തിന് കുതിപ്പേകുന്ന ഏറ്റവും പ്രധാനപ്പെട്ട അടിസ്ഥാന വികസന പദ്ധതിയാണ് കണ്ണൂർ വിമാന താവള പദ്ധതി. വിമാന താവളത്തിലേക്കുള്ള എമർജൻസി അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിന് വേ ി ഏറ്റെടുക്കാൻ ആവശ്യപ്പെട്ടിട്ടുള്ള ഭൂമി ഏറ്റെടുക്കുന്നത് കൊ ് കാര്യമായ ആഘാതങ്ങൾ ഒന്നു തന്നെ ഉ ാകുന്നില്ല എന്ന് കാണുന്നു. നേരെമറിച്ച് പദ്ധതിയുടെ നേട്ടങ്ങൾ നിരവധിയുമാണ്. മേൽ സാഹചര്യത്തിൽ ഈ പദ്ധതി നിർദ്ദേശിക്കപ്പെട്ട രീതിയിൽ നടപ്പാക്കുന്നതിന് ഈ യൂനിറ്റ് ശുപാർശ ചെയ്യുന്നു.

ചെയർമാൻ
സാമൂഹ്യാഘാത പഠന യൂനിറ്റ്